പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1131

4.12.2014 ലെ മറുപടിക്ക്

# പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവിദ്യാഭ്യാസം ഉറപ്പ് വരുത്തണമെന്ന ദേശീയവിദ്യാഭ്യാസ അവകാശനിയമവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) വിദ്യാഭ്യാസഅവകാശനിയമപ്രകാരം ഒന്നു മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും, ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അധ്യയനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8 -ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസഅവകാശനിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25% ശതമാനമെങ്കിലും, അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗ ത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, ഓരോ |

കുട്ടിയ്ക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ, ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളി ല്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1 :30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ്സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെഎല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാവിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടി സ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ളസൗകര്യം കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്ന തിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്ത ലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശകസമിതിയുടെ സ്ഥാനമാണ് എസ്.എം.സി യ്ക്ക്

നൽകിയിരിക്കുന്നത്.

യു.പി.വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിങ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെസംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു,ഐ.ഡി) സമ്പ്രദയം നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരം കുട്ടികളുടെ പഠനപ്രവേശനത്തിനായി നടത്തിവരുന്ന മത്സരപരീക്ഷകൾ, സ്കൂൾ പ്രവേശനത്തിനു ഈടാക്കുന്ന തലവരി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് മതിയായ സാഹചര്യം സൃഷ്ടിക്കാനുതകുന്ന പ്രസ്തുത വ്യവസ്ഥ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിയമ നിർമ്മാണനടപടി കൈക്കൊള്ളുമോ? | (ബി) | 2009 ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 13 ലും 2011 ലെ ജി.ഒ(പി) 100/11/പൊവിവ പ്രകാരമുള്ള കേരള വിദ്യാഭ്യാസ അവകാശചട്ടങ്ങളിലെ ചട്ടം 10 (8) ലും പ്രവേശനത്തിനായുള്ള മത്സര പരീക്ഷകളോ തലവരിയോ പാടില്ല എന്ന് കർശനമായി വ്യവസ്ഥ ചെയതിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ